മെരുവമ്പായി എം.യു.പി സ്കൂളിന്റെ
മുഖപത്രം

# ജാലകം

മെരുവമ്പായി | നീർവേലി പി.ഒ, 670701 | ഫോൺ : 9446651029 | Fb: Meruvambayi Mups

"Creativity is the key to success in the future, and Primary education is where teachers can bring creativity in children at that level."
- APJ

*Each child is to be valued, nurtured and empowered*

# അന്താരാഷ്ട്ര നിലവാരത്തിലേക്ക്



## അക്കാദമിക മികവ് ഭൗതികാഭിവൃദ്ധിയിലൂടെ......

1925ൽ കുടിപ്പള്ളിക്കൂടമായി ആരംഭിച്ച വിദ്യാലയം. ഒട്ടേറെ പൂർവ്വികർക്ക് അക്ഷരങ്ങളും ജീവിതവിജയവും നേടിക്കൊടുത്ത സ്ഥാപനം. ശ്രീ. അബ്ദുള്ള മാസ്റ്ററും ശ്രീ.ഹുസൈൻ മാസ്റ്ററും ഉൾപ്പെടെ ഒട്ടേറെ ഊർജ്ജസ്രോതസ്സുകളുടെ പ്രവർത്തന പഥം ഈ വിദ്യാലയമായിരുന്നു.

ഇന്ന് ശ്രീമതി. കെ.കെ. കദിസുമ്മയുടെ മാനേജ്മെന്റിൽ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിട സമുച്ചയത്തിലേക്ക് ഉയർന്നിരിക്കുകയാണ്. അറുന്നൂറിൽപരം കുട്ടികളും 28 അധ്യാപകരും സേവന സന്നിഹിതരായി പ്രവർത്തിക്കുന്ന വിദ്യാലയം അക്കാദമിക മികവുകളുടെ അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്നു. ജില്ലാ, സംസ്ഥാന മത്സരങ്ങളിൽ മികവുറ്റ പ്രകടനങ്ങളിലൂടെ വിദ്യാർത്ഥികളുടെ അക്കാദമിക മികവുകൾ ശ്രദ്ധേയമായത് വിദ്യാലയത്തിന് അഭിമാനകരമായി.

LKG ക്ലാസ്സുമുതൽ ഏഴാം തരം വരെ ഇംഗ്ലീഷ് മീഡിയത്തിലും, മലയാളം മീഡിയത്തിലും പഠനം നിർവ്വഹിക്കാനുള്ള സൗകര്യം വിദ്യാലയത്തിലുണ്ട്. ■

Department of English

## RIGHT WAY OF LEARNING ENGLISH

In collaboration with the 'Hello English' Programme, under the SSA mission, Meruvambayi M UP School offers the best Primary english curriculam and focuses on developing students into international level through systematic teaching methods. We are delighted to have taken on the stipendous challenge of nurturing your child, motivating and guiding them to be energetic, passionate, focused, confident and disciplined personalitties. Learning English language has been a very important factor. Knowing English will certainly pave way to better employment opportunities in todays competitive and changing world. The language could be better learnt only if the students learn right from their elementary classes. From the kindergarten, we would offer free spoken English course through out the children's journey with us.

We offers an opportunity for your child to learn and develop with a strong and balanced learning programme with us. ■



മട്ടന്നൂർ ഉപജില്ലാതല പ്രവേശനോത്സവം (2018 -19) എ.ഇ.ഒ ശ്രീമതി എ.പി അംബിക വിദ്യാഭ്യാസ മന്ത്രിയുടെ സന്ദേശം കൈമാറുന്നു

## മലയാളത്തിളക്കം

നമ്മുടെ മക്കളെല്ലാവരും മികവുറ്റവരാണ്. ജന്മംകൊണ്ട് പവിത്രമാക്കിയ നമ്മുടെ കുടുംബത്തിലെ മുത്തുകളാണവർ വൈവിധ്യമാർന്ന ജീവിത സാഹചര്യങ്ങളാൽ അവർ പഠനത്തിലും, ചിന്താരീതികളിലും, പ്രവർത്തികളിലും വ്യത്യസ്ത തലങ്ങളിലാവുന്നു.

മാതൃഭാഷ കൈകാര്യം ചെയ്യപ്പെടുന്നതിൽപോലും പിന്നോക്കം പോവുന്ന കുട്ടികൾ നമുക്കിടയിലുണ്ട്. കുട്ടികളെ അവർക്ക് താല്പര്യമുള്ള വഴികളിലൂടെ തന്നെ മാതൃഭാഷയിൽ വിഭവ സമ്പന്നമാക്കുകയെന്ന ഉദ്ദേശത്തോടെ SSA യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് മലയാളത്തിളക്കം.

വിദ്യാലയതലത്തിൽ മികച്ചരീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ മലയാളത്തിളക്കം പദ്ധതി കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്. ■

## ഒന്നാമനാവാൻ ഒന്നാം തരം



നമ്മുടെ മക്കളെല്ലാവരും ഒന്നാമൻമാരാണ്. അവരുടെ പഠനാന്തരീക്ഷവും മികവുറ്റ മാതൃകയിൽ ഒരുക്കിയിട്ടുള്ള ഒന്നാംതരം ക്ലാസ്സുമുറിയിൽ നിന്നുതന്നെയാവണം.

കുഞ്ഞുമനസ്സുകളിൽ ഉറങ്ങിക്കിടക്കുന്ന എല്ലാ കഴിവുകളും ഉണർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യയോടു കൂടിയ ശിശുസൗഹൃദ പഠനാന്തരീക്ഷം അവർക്കായി ഒരുക്കപ്പെടണം. ആരോഗ്യവും കായികക്ഷമതയും വ്യക്തിത്വ വികാസവും വികസിപ്പിക്കപ്പെടണം.

കുട്ടികളിൽ ഉത്സാഹവും ഉണർവും ജനിപ്പിക്കുന്ന പ്രവർത്തനങ്ങളിലൂടെ വിവിധ മേഖലകളിൽ കഴിവ് തെളിയിക്കാൻ ഒന്നാം ക്ലാസ്സിൽ തന്നെ ഞങ്ങൾ അവസരം നൽകുന്നു...

കുട്ടികളെല്ലാവരും വളരട്ടെ ഞങ്ങളോടൊപ്പം ഒന്നാമനായി തുല്യരായി..... ■



CONGRATULATIONS



Fathima Abdul Rasheed
1st Prize
Urdu Talent Test 2018-19
Kerala State

CONGRATULATIONS



Ananya E
LSS WINNER

Scanned with CamScanner

## ശാസ്ത്രാവബോധം നമ്മിലൂടെ.....





ശാസ്ത്രം!! പ്രായോഗികാടിസ്ഥാനത്തിൽ പഠിക്കാനുള്ള വിഷയം. ലഘുപരീക്ഷണങ്ങളാലും ക്ലബ്പ്രവർത്തനങ്ങളാലും സമ്പന്നമാണ് നമ്മുടെ സയൻസ് പഠനം.

നമ്മുടെ കുരുന്നുകളിൽ ശാസ്ത്രാഭിരുചി വളർത്താൻ ശാസ്ത്രവാരാഘോഷം, അസംബ്ലി തല ലഘുപരീക്ഷണങ്ങൾ, സയൻസ് ആൽബങ്ങൾ, സയൻസ് ലാബുകൾ...!

വളരട്ടെ നമ്മുടെ പിഞ്ചോമനകൾ..... ശാസ്ത്രസത്യങ്ങളുടെ അന്തർതലങ്ങളിൽ കടന്ന് ചെന്ന് പുതിയ കണ്ടുപിടിത്തങ്ങൾ തേടി.... നമുക്ക് പ്രത്യാശിക്കാം..... ഭാവിയുടെ വാഗ്ദാനങ്ങളെ...... നാളെയുടെ അബ്ദുൾ കലാമിനെയും, മാഡം ക്യൂറിയെയും, ഐസക് ന്യൂട്ടനെയും..... നമ്മുടെ മക്കളിലൂടെ.....

നമുക്ക് ഉപയോഗപ്പെടുത്താം ഈ സമ്പൂർണ ഡിജിറ്റൽ കാമ്പസ്.... കൊച്ചു താരങ്ങളുടെ ഉന്നമനത്തിനായി...!!

## പൗരബോധം വളർത്തി ഗൈഡ്സിന്റെ പ്രവർത്തനം





കായികവും ബുദ്ധിപരവും സാമൂഹികവും ആത്മീയവുമായ അന്ത:ശക്തികളെ വികസിപ്പിച്ച് ഉത്തരവാദിത്തമുള്ള പൗരന്മാരാക്കി വളർത്തുകയെന്നതാണ് സ്കൗട്ട് & ഗൈഡ്സ് പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം, ഈ ലക്ഷ്യം നിറവേറ്റാൻ നമ്മുടെ വിദ്യാലയത്തിലെ ഗൈഡ്സ് തീവ്രപ്രയത്നത്തിലാണ്. പരിസര ശുചീകരണത്തിലും വിശേഷാൽ ദിനങ്ങളിലെ പ്രവർത്തനങ്ങളിലും മറ്റും സജീവ പങ്കാളിത്തം കൊണ്ട് സ്കൂളിലെ ഗൈഡ്സിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്.

## കരാട്ടെ പരിശീലനം



സ്വയം പ്രതിരോധിക്കാനും മനോബലം കൂട്ടാനും ആത്മവിശ്വാസവും കായിക ക്ഷമതയുമുള്ള തലമുറയെ വാർത്തെടുക്കാനും ലക്ഷ്യം വെച്ച് കൊണ്ട് സ്കൂളിൽ കരാട്ടെ പരിശീലനം കാര്യക്ഷമമായി നടന്നുവരുന്നു.

## ഗണിതം ലളിതം





നാം നിത്യജീവിതത്തിൽ ഗണിതം ഉപയോഗപ്പെടുത്താത്ത ഒരു ദിവസം പോലും കടന്നുപോകുന്നില്ല എന്നാൽ ഗണിത പഠനം പലപ്പോഴും നിത്യജീവിതത്തിൽ നിന്നും അകന്നു നിൽക്കുന്നു. ഗണിത പഠനത്തിൽ പ്രയാസം നേരിടുന്നതിന്റെ കാരണവും ഇതുതന്നെ. കുട്ടികളുടെ നേരനുഭവങ്ങളുമായും പരിചിത സന്ദർഭങ്ങളുമായും ബന്ധപ്പെടുന്നത് ചിന്തയുടെ ഗണിത വത്കരണത്തെ പ്രോൽസാഹിപ്പിക്കുകയും ഗണിതം ഉപയൊഗപ്പെടുത്തേണ്ട സന്ദർഭങ്ങൾ നേരിട്ടറിയുകയും അർത്ഥപൂർണമായ ഗണിത പഠനം ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് നമ്മുടെ വിദ്യാലയത്തിൽ നടക്കുന്നത്. പഠനോപകരണ ശില്പശാല, പിന്നോക്കം നിൽക്കുന്നവരെ മുന്നിലെത്തിക്കാനുള്ള പ്രവർത്തനം, ഐടി അധിഷ്ഠിത പഠനം- ജിയോജിബ്ര, മേളകളിൽ പങ്കാളിത്തം, ഗണിത ക്ലബ്ബ്, ഗണിതലാബ്, BALA -Building As Learning Aid, ഒറിഗാമി, ഗണിത കേളി...... പ്രവർത്തനങ്ങൾ വിപുലമാണ്.

## ഉച്ചഭക്ഷണം



കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയ്ക്കും പഠനമികവിനും, രോഗപ്രതിരോധ ശേഷിക്കും പോഷകാഹാരം അത്യാവശ്യമാണ്. ദിവസവും വ്യത്യസ്ത പോഷകഘടകമടങ്ങിയ വിവിധയിനം പച്ചക്കറികളും പ്രോട്ടീൻ അടങ്ങിയ പയറുവർഗങ്ങളും പച്ചക്കറി സാലഡും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുന്നു. ശുചിത്വമുള്ള ആധുനിക പാചകശാലയിൽ രുചികരമായ മൂന്ന് തരം കറികളും ചോറും എല്ലാ ദിവസങ്ങളിലും തയ്യാറാക്കപ്പെടുന്നു.

ആഴ്ചയിൽ രണ്ട് തവണ സമീകൃതാഹാരമായ പാലും മുട്ടയും കുട്ടികളുടെ ഭക്ഷണക്രമത്തിൽ വിദ്യാലയം ഉറപ്പുവരുത്തുന്നു.

## ക്ലാസ് പി.ടി.എ – മികവ് പ്രദർശനം

























Scanned with CamScanner

Department of Pre-Primary

# പ്രി – പ്രൈമറി ഒരു പൂങ്കാവനം

അമ്മയുടെ മടിത്തൊട്ടിലിലെ ഗാർഹിക സുരക്ഷിതത്വം പ്രിപ്രൈമറി ക്ലാസ്സുകളിൽ സജ്ജമാക്കുകയാണ് ഞങ്ങൾ സ്വീകരിച്ച വഴി. വിദ്യാലയത്തിലേക്ക് ആനയിക്കപ്പെട്ട പൂമൊട്ടുകളെ വർണമനോഹാരിതയോടെ വിരിയിച്ചെടുക്കുകയാണ് ഞങ്ങൾ.....

▸ ശിശുസൗഹൃദ ക്ലാസ്സുമുറികൾ ▸ കുട്ടികൾക്ക് പരസ്പരാശയവിനിമയം എളുപ്പമാക്കാനുതകുന്ന ഇരിപ്പിടങ്ങൾ ▸ പൊടിപടലങ്ങൾ ഇല്ലാത്ത ക്ലാസ്സ്മുറികൾ ▸ കളി ഉപകരണങ്ങൾ ▸ മികച്ച അധ്യാപനം ▸ പ്രൊജക്ടർ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യം ▸ കുട്ടികൾക്കുള്ള പാർക്ക് ▸ മികച്ച വിദ്യാർത്ഥി-അധ്യാപക-രക്ഷാകർത്തൃബന്ധം.











▴ ഗാന്ധിജയന്തി ആഘോഷത്തിൽ നിന്നും.....

ക്യാമ്പസ് ശുചീകരണം









▴ മട്ടന്നൂർ ഉപജില്ലാതല പ്രവേശനോത്സവം ഉദ്ഘാടനത്തിൽ നിന്നും......

ഒറിഗാമി പരിശീലനം









K.G DAY ഉദ്ഘാടനം – കെ.പ്രസീത പ്രസിഡണ്ട്, മാങ്ങാട്ടിടം പഞ്ചായത്ത്

മലയാളത്തിളക്കം

Hello English

Scanned with CamScanner

# ഊർജ്ജസ്വലതയോടെ PTA...



അഞ്ഞൂറിലധികം രക്ഷാകർത്താക്കൾ പങ്കെടുത്ത PTA ജനറൽ ബോഡി യോഗത്തിൽ വിദ്യാലയ പ്രവർത്തനങ്ങളെക്കുറിച്ച് വിപുലമായ ചർച്ചകൾ നടന്നു. PTA പ്രസിഡണ്ടായി ശ്രീ പരപ്പിൽ മൂസയേയും MPTA പ്രസിഡണ്ടായി ശ്രീമതി തുഷാരയേയും തെരഞ്ഞെടുത്തു.

മട്ടന്നൂർ സബ്ജില്ലാതല സ്കൂൾ പ്രവേശനോസ്തവം മെരുവമ്പായി എം യുപി സ്കൂളിൽ PTA യുടെ നേതൃത്വത്തിൽ നടന്നു, നാട്ടുകാരുടെയും രക്ഷാകർത്താക്കളുടെയും നിറസാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

വർഷകാലത്ത് കേരളം അനുഭവിച്ച പ്രളയ ദുരിതത്തിൽ നമ്മുടെ വിദ്യാലയം ദുരിതാശ്വാസ കേമ്പായി പ്രവർത്തിച്ചു PTA പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ കേമ്പ് വിദ്യാലയത്തിൽ സജീവമായി വിദ്യാലയത്തിലെ കുട്ടികളും രക്ഷിതാക്കളും ചേർന്ന് 50000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.

ഗാന്ധിജയന്തി, മലയാളത്തിളക്കം, ഉപജില്ലാതല ശാസ്ത്രക്ലബുകളുടെ ഉദ്ഘാടനം, CPTA, K G Talent day, അധ്യാപകദിനം, ശിശുദിനം, വിദ്യാർത്ഥി- രക്ഷാകർത്തൃ കൗൺസിലിങ്ങുകൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ PTA യുടെ നേതൃത്വത്തിൽ വിദ്യാലയത്തിൽ നടന്നു.



പരപ്പിൽ മൂസ, പ്രസിഡണ്ട് -പി.ടി.എ



തുഷാര ഐ, പ്രസിഡണ്ട്-മദർ പി.ടി.എ



School Leader

## മൊബൈൽ ആപ്പ്





വിദ്യാർത്ഥികളുടെ സുരക്ഷിതത്വം സ്കൂൾ തലത്തിൽ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് മൊബൈൽ ആപ്പ്. വിദ്യാർത്ഥികളുടെ ഹാജർനിലയും പഠനമികവുകളും സ്കൂൾ തല പ്രവർത്തനങ്ങളും ദിനംപ്രതി രക്ഷാകർത്താക്കളിൽ ലഭ്യമാക്കി കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുന്നു. സ്കൂൾ കുട്ടികളുടെ വാഹന യാത്രയുടെ തത്സമയ മൊബൈൽ ആപ്പ് ട്രാക്കിങ്ങും സുരക്ഷിതത്വത്തിന്റെ ഭാഗമായി ഇതിൽ ഉൾപെടുത്തിട്ടുണ്ട്.



Teachers' Orientation class



സഹവാസ ക്യാമ്പ്



Our Staff...Our Strength



ഒ. ഗംഗാധരൻ മാസ്റ്റർ
ചെയർമാൻ, വിദ്യാലയ വികസന സമിതി



ഗുരുവന്ദനം



പ്രവൃത്തി പരിചയം



പൂർവ്വ വിദ്യാർത്ഥി സംഗമം



പിറന്നാൾ സമ്മാനം: ലൈബ്രറി പുസ്തകം



സുഗമ ഹിന്ദി പരീക്ഷ വിജയികൾ



Annual Day



പ്രൊജക്ടർ സമർപ്പണം



ദുരിതാശ്വാസ ക്യാമ്പ്



Sports Day



ആരോഗ്യ ബോധവത്കരണ ക്ലാസ്



പ്രളയ ദുരിതാശ്വാസ ധന ശേഖരണം



കണ്ണൂർ വിമാനത്താവള സന്ദർശനം



X' Mas Celebration



കരാട്ടെ പരിശീലനം


അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

- സമ്പൂർണ ഡിജിറ്റൽ ക്യാമ്പസ്
- മുഴുവൻ ക്ലാസുകളിലും പ്രൊജക്ടർ സംവിധാനം
- ശിശു സൗഹൃദ പാഠ്യ പാഠ്യേതര പഠനം

LKG & UKG
1 മുതൽ 7 വരെ
ഇംഗ്ലീഷ് & മലയാളം മീഡിയം

Ph: 9446651029, 9745042360


Scanned with CamScanner